LIBRARY ARCHIVES Kerala Legislative Assembly

ചന്ദനഫാക്ടറികളിൽ റെയ്ഡ്

104 [1822] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 മുതൽ 2005 ജനുവരി 31 വരെ സംസ്ഥാനത്ത് എത്ര ചന്ദന ഫാക്ടറികളിൽ റെയ്ഡ് നടന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റെയ്ഡുകൾ ഏതെല്ലാം തീയതികളിലാണ് നടന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും സംയുക്ത മായിട്ടാണോ ഇതിൽ പങ്കെടുത്തിട്ടുള്ളത് ;

(ഡി) പ്രസ്തുത റെയ്ഡുകളിൽ നിന്നും കണ്ടെടുത്ത വസ്തുക്കളെ സംബന്ധിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് നഷ്ടപ്പെട്ട ചന്ദനമരത്തിന്റെ കണക്ക്

105 [T1823] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ സംസ്ഥാനത്ത് നഷ്ടപ്പെട്ട ചന്ദനമര ത്തിന്റെ കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ചന്ദനമരങ്ങൾക്ക് നമ്പരിടുന്ന സംവിധാനം ഇപ്പോൾ തുടരുന്നുണ്ടോ ; എങ്കിൽ എത്രയെണ്ണം നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാലുവർഷത്തിനിടയിൽ സംസ്ഥാനത്ത് 3858 ചന്ദനമരങ്ങൾ നഷ്ടപ്പെട്ട തായി കാണുന്നു. ഇവകൂടാതെ മരങ്ങൾ നഷ്ടമായിട്ടുണ്ടോ എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷിച്ചുവരുന്നു.

(ബി) ഏതാണ്ട് 420.56 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(സി) തുടരുന്നുണ്ട്. ലഭ്യമായ കണക്കുകൾ അനുസരിച്ച് കഴിഞ്ഞ നാലു വർഷത്തിനിടയിൽ 3858 ചന്ദനമരങ്ങൾ നഷ്ടമായിട്ടുണ്ട്. ഇവ കൂടാതെ കൂടുതൽ മരങ്ങൾ നഷ്ടമായിട്ടുണ്ടോ എന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷിച്ചുവരുന്നു.